ശ്രീ. വി. ശ്രീധർ: ഇന്നിപ്പോഴം കയറിന്റെ വില കണ്ടിക്ക് 500 രൂപ ആയിരുന്നത് 250 രൂപയായി കുറഞ്ഞിട്ടുണ്ട്. ഇങ്ങനെ വ്യവസായ സ്തംഭനം നേരിടുമ്പോഴം മുൻകാലങ്ങളിലെല്ലാം ഗവൺമെൻറുതന്നെ കുറെ കയർ എടുക്കുകയാണ് ചെയ്യുന്നത്. അങ്ങനെയുള്ള ഒരു നടപടി ഗവൺമെൻറ് സ്വീകരിക്കുമോ ? എങ്കിൽമാത്രമേ ഈ കുഴപ്പത്തിന് യഥാർത്ഥത്തിൽ ഒരു പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളൂ.

ശ്രീ. മത്തായി മാഞ്ഞൂരാൻ: പണമിടപാടുള്ള യാതൊരു കാര്യത്തെക്കുറിച്ചും ആലോചിക്കുകപോലും ചെയ്തിട്ടില്ല.

ഡെപ്യൂട്ടി സ്പീക്കർ: ഗവൺമെൻറ് അതു നോക്കുമോ എന്നാണ് ചോദിച്ചത്.

ശ്രീ. മത്തായി മാഞ്ഞൂരാൻ: ഗവൺമെൻറ് നോക്കിക്കൊള്ളും.

ശ്രീ. ടി. എ. മജീദ്: ഇവിടെ കയർ വ്യവസായരംഗത്ത് രൂക്ഷമായ തൊഴിലില്ലായ്മ അനുഭവപ്പെടുകയാണ്. 1957–59-ൽ ഈമാതിരി ഗുരുതരമായ ഒരവസ്ഥ വന്നപ്പോഴം ഗവൺമെൻറ് അതെടുത്ത് ഒരു സൊസൈറ്റിക്ക് സാമ്പത്തികസഹായം ചെയ്തുകൊണ്ട് ഏൽപ്പിക്കുകയുണ്ടായി. ഈ ഗവൺമെൻറ് അങ്ങനെ ചെയ്യുമോ; അതിനെപ്പറ്റി ആലോചിയ്ക്കാമെന്ന് വ്യക്തമായ ഉറപ്പു കിട്ടണം. എല്ലാവരും ചേർന്ന് ആലോചിച്ചെങ്കിലും പറയണം.

ഡെപ്യൂട്ടി സ്പീക്കർ: ഏതായാലും മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അനുമതി നൽകുന്നില്ല.

(iii) INACTION OF THE POLICE IN APPREHENDING THE CULPRITS INVOLVED IN THEFT AND DESTRUCTION OF CARDAMOM PLANTS IN MUNNAR AND UDUMPANCHOLA

ഡെപ്യൂട്ടി സ്പീക്കർ: മൂന്നാറിൽ ഏലച്ചെടികളം നശിപ്പിച്ചതു സംബന്ധിച്ചു ശ്രീ. ഗണപതി തന്ന നോട്ടീസ്സിനെക്കുറിച്ച് വനമന്ത്രിക്ക് സംസാരിക്കാം.

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ): സർ. ശ്രീമാൻ ഗണപതിയുടെ അച്ഛനായ നാരായണസ്വാമിയുടെ രണ്ടാം ഭാര്യ മലയാളി സ്ത്രീയാണ്. ആ മലയാളി സ്ത്രീയിലുള്ള മകനാണ് കിട്ടപ്പൻ. കിട്ടപ്പന്റെ അമ്മയുടെ പേരിൽ കിട്ടിയിട്ടുള്ള കാർഡമം എസ്റ്റേറ്റ് കൈകാര്യം ചെയ്യുന്നത് കിട്ടപ്പനാണ്. കിട്ടപ്പന്റെ കൈവശമുള്ള കാർഡമം എസ്റ്റേറ്റിൽനിന്ന് ആദായം എടുക്കുന്നതും കിട്ടപ്പനാണ്. ഇതിനെസംബന്ധിച്ച് ശ്രീ. ഗണപതിയും കിട്ടപ്പനുമായി അവകാശത്തർക്കമുണ്ടായി. ഇതിനെത്തുടർന്ന് ശ്രീ. ഗണപതി പോലീസിൽ പരാതിപ്പെടുകയും പോലീസ് അതിനെക്കുറിച്ച് അന്വേഷിക്കുകയും ചെയ്തു. ഈ കാർഡമം എസ്റ്റേറ്റ് കിട്ടപ്പന്റെ അമ്മയുടെതായതുകൊണ്ട് കിട്ടപ്പനാണ് അവകാശം എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ നടപടി എടുക്കേണ്ടതില്ലെന്നും ന്യായമായി കിട്ടപ്പനു കിട്ടേണ്ടതാണെന്നും ഉള്ളതുകൊണ്ടാണ് നടപടി എടുക്കാതിരിക്കുന്നത്. ഈ കാര്യത്തെസംബന്ധിച്ചിടത്തോളം പല പരാതികളും ഗണപതി പോലീസിൽ കൊടുത്തിട്ടുണ്ട്. അതെല്ലാം ഒരു നിയമസഭാ സാമാജികനെന്ന നിലയിൽ ന്യായമായ പരിഹാരം കാണുന്നതിന് ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly

മായ പരിഗണന എല്ലാ പരാതികൾക്കും ഡിപ്പാർട്ടുമെൻറ് നൽകിക്കഴിഞ്ഞിട്ടുണ്ട്. പക്ഷേ ന്യായരഹിതമായി ഒട്ടേറെ പരാതികളുള്ളതുകൊണ്ട് ന്യായം നടത്തുന്നതിനാവശ്യമായ തരത്തിലല്ലാതെ ഇടപെടാൻ നിർവ്വാഹമില്ലെന്നകാര്യം സൂചിപ്പിച്ചുകൊണ്ട് ഐ. ജി. തന്നെ ശ്രീ. ഗണപതിക്ക് കത്തെഴുതിയിട്ടുണ്ട്. നിയമസഭാ സാമാജികനെന്നുള്ള പരിഗണനവച്ചുകൊണ്ട് ന്യായരഹിതമായ കാര്യങ്ങളിൽ പോലീസിന് ഒന്നും ചെയ്യാൻ കഴിയുന്നതല്ലെന്ന് വ്യക്തമായി സൂചിപ്പിച്ചുകൊണ്ട് ഐ. ജി., ഗണപതിക്ക് എഴുതിയിട്ടുണ്ട്. ഇതാണ് സ്ഥിതി. അല്ലാതെ ഗണപതി പറയുന്ന നിയമസമാധാനത്തിന്റെ പ്രശ്നമൊന്നുമില്ല.

ശ്രീ. എൻ. കണപതി : സർ, പോലീസ്കാരാർകൾ தொண்டி எடுக்காமலும் சப்-இன்ஸ்பெக்டர் அவர்கள் இதில் சேர்ந்துகொண்டு தொண்டியை மூடிமறைக்கப்பட்டது. இதுதான் உண்மை. மேலும் நான் கொடுத்த அடியந்திர பிரமேயத்துக்கும் மந்திரி அவர்கள் அளித்த பதிலுக்கும் யாதொருவித சம்பந்தமும் இல்லை என்பதை வருத்தத்துடன் தெரியப்படுத்திக் கொள்கிறேன்.

ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഈ അടിയന്തിര പ്രമേയം ഞാൻ അനുവദിക്കുന്നില്ല.

III. CALLING ATTENTION UNDER RULE 61

(i) ALLEGED ATTACK ON AGRICULTURAL LABOURERS IN VALLARPADAM IN ERNAKULAM DISTRICT

ഡെപ്യൂട്ടി സ്പീക്കർ: റൂൾ 61 അനുസരിച്ച് എറണാകുളം ഡിസ്ട്രിക്ടിൽ വല്ലാർപാടത്ത് കൊയ്ത്തിനിറങ്ങിയ 20-ഓളം തൊഴിലാളികളെയാതൊരു പ്രകോപനവും കൂടാതെ തൊഴിലാളി പ്രവർത്തകർ എന്നു പറയുന്ന കുറേപ്പേർ ആക്രമിക്കുകയും പലർക്കും പരിക്കുകൾ ഏൽക്കുകയും ചെയ്തതിനെത്തുടർന്ന് സ്ഥലത്തുണ്ടായിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ശ്രീ. അലക്സാണ്ടർ പറമ്പിത്തറ റൂൾ 61 അനുസരിച്ച് ഒരു നോട്ടീസ് തന്നിട്ടുണ്ട്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: സർ, ഈ അടുത്തദിവസം എറണാകുളത്ത് വല്ലാർപാടത്ത് ഉണ്ടായ ഒരു സംഭവത്തെക്കുറിച്ചാണ് എനിക്ക് ഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്. ഈ കഴിഞ്ഞ ഞായറാഴ്ച അതായത് 12-ാം തീയതി വല്ലാർപാടത്ത് എം. എസ്. തങ്കപ്പൻ എന്നു പേരുള്ള ഒരു കൃഷിക്കാരന്റെ നിലം കൊയ്യുന്നതിന് ഒരു സെറാളുകൾ, തങ്കപ്പന്റെ അനുജൻ രത്നാകരനും കുറെ ചെറുപ്പക്കാരും ഒന്നിച്ച് സ്ഥലത്തുചെന്നു. 19 കൃഷിക്കാരും രത്നാകരനും കൂടെ കൊയ്ത്താരംഭിച്ച അവസരത്തിൽ യാതൊരു പ്രകോപനവും കൂടാതെ തൊഴിലാളി പ്രവർത്തകൻമാർ എന്നു പറയുന്ന ആളുകൾ വന്ന് വടിയും മറ്റായുധങ്ങളും കൊണ്ട് കൊയ്ത്തുകാരെ അടിക്കുകയും അവരുടെ പ്രവർത്തനം തടയുകയും ചെയ്തു. ഇവിടെ യാതൊരു തൊഴിൽത്തർക്കവും ഇല്ലാത്ത സ്ഥലമാണ്.. ഈ കൊയ്ത്തിനെസംബന്ധിച്ച് കൃഷി ഉടമകളും തൊഴിലാളിയൂണിയനുകളും തമ്മിൽ അതിന്റെ ചട്ടങ്ങളെസംബന്ധിച്ചും പ്രതിഫലത്തെ സംബന്ധിച്ചും ചില തീരുമാനങ്ങൾ എടുത്തത് 100 ശതമാനവും

LIBRARY ARCHIVES Kerala Legislative Assembly